നെല്ലിന്റെയും നാളികേരത്തിന്റെയും ഉൽപാദന വർദ്ധനവ്

5 [*209] ശ്രീ. ചെർക്കളം അബ്ദുള്ള:
,, കളത്തിൽ അബ്ദുള്ള:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ പ്രധാന കൃഷികളായ നെല്ലിന്റെയും നാളികേരത്തിന്റെയും ഉല്പാദനം വർഷംപ്രതി കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി. കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്. ഈ കൃഷികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ട ചില നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നെല്ലിന്റെയും നാളികേരത്തിന്റെയും ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതി മോഷണം നടത്തുന്നതിനെതിരെ നടപടി

6 [*210] ശ്രീ. എം. മുരളി:
,, എം. എം. ഹസ്സൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, വർക്കല കഹാർ:
,, ഡോ: എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈടെൻഷൻ വൈദ്യുതി ഉപഭോക്താക്കൾ വൈദ്യുതി മോഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർ എത്ര വൈദ്യുതി ഉപയോഗിച്ചെന്ന് തിട്ടപ്പെടുത്തുന്നതാരാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഹൈടെൻഷൻ വൈദ്യുതി ഉപഭോക്താക്കളുടെ വൈദ്യുതി മോഷണം ഫലപ്രദമായി തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്.

(ബി) വൈദ്യുതി വിതരണ വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ മേലോട്ടുള്ള ഉദ്യാഗസ്ഥൻമാരെയും ആന്റി പവർ തെഫ്റ്റ് സ്കാഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ മേലോട്ടുള്ള ഉദ്യാഗസ്ഥൻമാരെയും വൈദ്യുതി മോഷണം തിട്ടപ്പെടുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5 (*209) കാണുക]

ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിച്ച് കൂടുതൽ കർഷകരെ നെൽ കൃഷിയിലേക്ക് ആകർഷിക്കുവാനായി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധയിനം പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുന്നു.
2. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നു.
3. വിത്തു വിതരണം കാര്യക്ഷമതയോടുകൂടിയും സമയബന്ധിതവുമായി നടപ്പിലാക്കുവാൻ വിത്തു വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.
4. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ സീസണിലും നെൽകൃഷി ചെയ്യുന്ന കർഷകന് ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകിവരുന്നു.
5. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യം നൽകുന്നുണ്ട്.
6. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ധനസഹായം നൽകുന്നു.
7. സംയോജിത വളപ്രയോഗം, സംയോജിത കീടനിയന്ത്രണം, ജലപരിപാലനം എന്നിവ നടപ്പിലാക്കുന്നു.
8. കർഷകരെ സഹായിക്കാൻ നെല്ലുസംഭരണം ഊർജ്ജിതമായി നടപ്പിലാക്കുന്നു.
9. വിളനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്ത്, കുമ്മായം എന്നിവ നൽകിയിട്ടുണ്ട്.
10. വിളനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരത്തുക ഇരട്ടിയാക്കിയിട്ടുണ്ട്.
11. കൃഷിനാശം നേരിട്ട കർഷകർ സഹകരണ ബാങ്കുകളിൽ നിന്നും മറ്റും എടുത്ത ലോണുകളുടെ പലിശ, പിഴപലിശ എന്നിവയ്ക്ക് ഇളവ് അനുവദിക്കുകയും ഒരു വർഷത്തേയ്ക്ക് സഹകരണസംഘം രജിസ്ട്രാറും രണ്ട് വർഷത്തേയ്ക്ക് കൊമേഴ്സ്യൽ ബാങ്കുകളും മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുമുണ്ട്.
12. വിവര സാങ്കേതിക വിദ്യയുടെയും ജൈവ സാങ്കേതിക വിദ്യയുടെയും അനന്ത സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നെൽകൃഷി ഉൾപ്പെടെ സംസ്ഥാനത്തെ കാർഷിക രംഗം നവീകരിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

13. കുട്ടനാടിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഈ പ്രദേശത്തെ 33000 ഹെക്ടറോളം വരുന്ന പാടശേഖരങ്ങളുടെ സമഗ്ര വികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ ഒരു ബൃഹത് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

മറ്റ് നെല്ലുവികസന സമിതികൾക്ക് ആവശ്യമായ infrastructure development നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്നു.

നാളികേരത്തിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധ നാളികേര വികസനപദ്ധതികൾ നടപ്പിലാക്കിവരുന്നു.

(1) തെങ്ങിൻ തോട്ടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് കിണറും പമ്പുസെറ്റും സ്ഥാപിക്കുന്നു.

(2) സംയോജിത വളപ്രയോഗവും, ജൈവവള വിത്തുവിതരണവും നടത്തുന്നു.

(3) രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നു. തെങ്ങൊന്നിന് 250 രൂപ ധനസഹായം.

(4) മുന്തിയ ഇനം തെങ്ങിൻ തൈകൾ നടീലിനായി വിതരണം ചെയ്യുന്നു.

(5) കാറ്റുവീഴ്ച രോഗ നിയന്ത്രണത്തിനുള്ള ശാസ്ത്രീയ വള പരിപാലനം പ്രോത്സാഹിപ്പിക്കുന്നു.

(6) പ്രദർശനത്തോട്ടങ്ങളും, ജൈവവള യൂണിറ്റുകളും സ്ഥാപിക്കുന്നു.

(7) മണ്ഡരി നിയന്ത്രണത്തിനായി മരുന്നുതളി നടത്തിവരുന്നു. നിലവിലുള്ള തെങ്ങുകൾക്ക് സംയോജിത വളപ്രയോഗവും അവലംബിച്ചുവരുന്നു.

(8) ടെക്നോളജി മിഷൻ പദ്ധതി പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ രോഗബാധിതമായ മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി പകരം നല്ലയിനം തെങ്ങിൻതൈകൾ നടുന്നു. ഇതിനായി 9.424 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(9) ഇതിനുപുറമേ ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിലെ കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകളുടെ പരിപാലനത്തിനും, ഉത്പാദനവർദ്ധനവിനും മറ്റുമായി 1924.68 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly